**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

**തദ്ദേശ സ്വയം ഭരണ വകുപ്പ് - പാലക്കാട് ജില്ലയിലെ തരൂർ ഗ്രാമപഞ്ചായത്തിൽ 2013-2014 വാർഷികപദ്ധതിയിലുൾപ്പെടുത്തി ശുചിത്വ മിഷന്റെ സാങ്കേതികാനുമതിയിൽ നിന്നും വ്യതിചലിച്ച് 0.5m³ ശേഷിയുള്ള ബയോഗ്യാസ് പ്ലാന്റുകൾക്ക് പകരം 1 m³ ശേഷിയുള്ള 88 ബയോഗ്യാസ് പ്ലാന്റുകൾ സ്ഥാപിച്ച് പദ്ധതി നടപ്പിലാക്കിയ ഗ്രാമപഞ്ചായത്തിന്റെ നടപടിയ്ക്ക് സാധൂകരണം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.**

==============================================================

തദ്ദേശ സ്വയം ഭരണ (ഡി.സി) വകുപ്പ്

സ.ഉ.(സാധാ)നം. 3512 /2016/തസ്വഭവ തിരുവനന്തപുരം, തീയതി 24.12.2016

പരാമർശം - 1.തരൂർ ഗ്രാമ പഞ്ചായത്ത് പ്രസിഡന്റിന്റെ 02.03.2016 ലെ കത്ത്

2.ശുചിത്വ മിഷൻ എക്സിക്യൂട്ടീവ് ഡയറക്ടറുടെ 09.05.2016 ലെ 2742/C1/2014/SM നമ്പർ കത്ത്

**<u>ഉത്തരവ്</u>**

പാലക്കാട് ജില്ലയിലെ തരൂർ ഗ്രാമപഞ്ചായത്തിൽ 2013 - 2014 വാർഷികപദ്ധതിയിലുൾപ്പെടുത്തി ശുചിത്വമിഷൻ വിഹിതം, പഞ്ചായത്ത് വിഹിതം,ഗുണഭോക്തൃ വിഹിതം എന്നിവ സംയോജിപ്പിച്ച് 89 ഗുണഭോക്താക്കൾക്ക് **1 m³** ബയോഗ്യാസ് പ്ലാന്റ് സ്ഥാപിക്കുന്നതിന് ജില്ലാ ആസൂത്രണസമിതി പ്രോജക്റ്റ് അംഗീകരിക്കുകയും ശുചിത്വമിഷന്റെ അക്രഡിറ്റഡ് ഏജൻസിയായ ഐ.ആർ.ടി.സി. മുണ്ടൂർ എന്ന സ്ഥാപനത്തെ നിർവ്വഹണ ചുമതല ഏല്പിക്കുകയും ചെയ്തിരുന്നു. ശുചിത്വമിഷനിൽ നിന്നും സാങ്കേതികാനുമതിയ്ക്കായി അപേക്ഷിച്ചപ്പോൾ **0.5m³** വിസ്തൃതിയുള്ള പ്ലാന്റുകൾക്ക് മാത്രമേ അനുമതി നൽകാൻ കഴിയൂ എന്ന മറുപടി ലഭിച്ചുവെങ്കിലും പന്ത്രണ്ടാം പഞ്ചവത്സര പദ്ധതി മാർഗ്ഗരേഖ അനുസരിച്ച് **1 m³** വിസ്തൃതിയുള്ള പ്ലാന്റുകൾ സ്ഥാപിക്കാമെന്ന് നിഷ്കർഷിച്ചിട്ടുള്ളതിനാലും ടി പഞ്ചായത്തിലെ ജനങ്ങളിൽ ഭൂരിഭാഗവും കൂട്ടുകുടുംബങ്ങളായി കഴിയുന്നവരും പശു, ആട് വളർത്തൽ ഉപജീവനമാർഗ്ഗമായി സ്വീകരിച്ചിട്ടുള്ളതിനാൽ മാലിന്യത്തിന്റെ അളവ് വളരെ കൂടുതലായതിനാലും **1 m³** ശേഷിയുള്ള ബയോഗ്യാസ് പ്ലാന്റുകൾ സ്ഥാപിക്കണമെന്ന ഗുണഭോക്താക്കളുടെ നിരന്തരമായ ആവശ്യത്തെ തുടർന്നുമാണ് **1 m³** ശേഷിയുള്ള ബയോഗ്യാസ് പ്ലാന്റുകൾ സ്ഥാപിച്ചതെന്നും ഇത്തരത്തിൽ ഐ.ആർ.ടി.സി. മുണ്ടൂർ എന്ന സ്ഥാപനം വഴി 88 ബയോഗ്യാസ് പ്ലാന്റുകൾ സ്ഥാപിച്ചു നൽകിയെന്നും ശുചിത്വമിഷനിൽ നിന്നും സാങ്കേതികാനുമതി ലഭിക്കാത്തതിനാൽ ഇത് സംബന്ധിച്ച ശുചിത്വമിഷൻ വിഹിതം അടയ്ക്കാൻ കഴിഞ്ഞിട്ടില്ലെന്നും പ്രോജക്റ്റിന്റെ നിർവ്വഹണം പൂർത്തീകരിച്ചിട്ടുള്ളതിനാൽ ഗ്രാമപഞ്ചായത്തിന്റെ നടപടിയ്ക്ക് സാധൂകരണം നൽകണമെന്നും തരൂർ ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് പരാമർശം1 പ്രകാരം അപേക്ഷിച്ചിരുന്നു.

(2) ഇത് സംബന്ധിച്ച് ശുചിത്വമിഷൻ എക്സിക്യൂട്ടീവ് ഡയറക്ടർ പരാമർശം 2 പ്രകാരം റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്. 12/06/2012-ലെ സ.ഉ.(സാധാ) നം.1597/2012/തസ്വഭവ

പ്രകാരം വീടുകളിൽ സ്ഥാപിക്കുന്ന ബയോഗ്യാസ് പ്ലാന്റുകളുടെ ശേഷി $0.5 m^3$ മതിയാകുമെന്ന് നിഷ്കർഷിച്ചിട്ടുണ്ടെങ്കിലും അക്രഡിറ്റഡ് ഏജൻസി വഴി നിർവ്വഹണം നടത്തിയതിനാൽ സാമ്പത്തിക നഷ്ടമില്ലായെന്നു ഗ്രാമപഞ്ചായത്ത് അറിയിച്ചതിനാൽ $0.5 m^3$ പകരം $1 m^3$ ശേഷിയുള്ള 88 ബയോഗ്യാസ് പ്ലാന്റുകൾ സ്ഥാപിച്ച ഗ്രാമപഞ്ചായത്തിന്റെ നടപടിയ്ക്ക് സാധൂകരണം നൽകാവുന്നതാണെന്ന് ശുചിത്വമിഷൻ എക്സിക്യൂട്ടീവ് ഡയറക്ടർ അറിയിച്ചിട്ടുണ്ട്.

(3) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. പാലക്കാട് ജില്ലയിലെ തരൂർ ഗ്രാമപഞ്ചായത്തിൽ 2013 - 2014 വാർഷികപദ്ധതിയിലുൾപ്പെടുത്തി ശുചിത്വ മിഷന്റെ സാങ്കേതികാനുമതിയിൽ നിന്നും വ്യതിചലിച്ച് $0.5 m^3$ ശേഷിയുള്ള ബയോഗ്യാസ് പ്ലാന്റുകൾക്ക് പകരം $1 m^3$ ശേഷിയുള്ള 88 ബയോഗ്യാസ് പ്ലാന്റുകൾ സ്ഥാപിച്ച് പദ്ധതി നടപ്പിലാക്കിയ ഗ്രാമപഞ്ചായത്തിന്റെ നടപടിയ്ക്ക് സാധൂകരണം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻപ്രകാരം)

ഡി സന്തോഷ്
ഡെപ്യൂട്ടി സെക്രട്ടറി

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.
പ്രസിഡന്റ്/ സെക്രട്ടറി, തരൂർ ഗ്രാമ പഞ്ചായത്ത്, തരൂർ (പി ഒ), പാലക്കാട്
എക്സിക്യൂട്ടീവ് ഡയറക്ടർ, ശുചിത്വ മിഷൻ
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എ&ഇ) കേരള, തിരുവനന്തപുരം
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ
ഡയറക്ടർ, ഐ&പി.ആർ.ഡി/ വെബ് & ന്യൂ മീഡിയ
കരുതൽ ഫയൽ/ ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ